Code No. **12**

# INDIAN SCHOOL, AL GHUBRA
## MOCK – II EXAMINATION (2006-2007)
## CLASS: X – MALAYALAM

## മലയാളം

***Time allowed: 3 hrs*** | ***Maximum Marks: 100***

*അനുവദിച്ച സമയം : 3 മണിക്കൂർ* | *ആകെ മാർക്ക് : 100*

***General Instructions:***

- *Please check that this question paper contains 3 printed pages.*
- *Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.*
- *Please check that this question paper contains 5 questions.*
- *Please write down the serial number of the question before attempting it.*

### എ വിഭാഗം

**1.** (a) രണ്ടു പര്യായങ്ങൾ വീതമെഴുതുക — 1
വിവാഹം

(b) വിപരീതപദം എഴുതുക — 1
(1) ആകർഷണം
(2) അകം

(c) അർത്ഥവ്യത്യാസമെഴുതുക — 1
(1) അഞ്ജനം–അജ്ഞാനം
(2) മുകുളം–മകുടം

(d) നാനാർത്ഥമെഴുതുക — 1
ആശ

(e) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക — 4
(1) പൂർവ്വാധികം
(2) ഈരേഴുലോകം
(3) സഹജം
(4) യശ:സ്തംഭം

(f) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക — 4
(1) കൂടെക്കൂടെ
(2) ദൂനമാണ്
(3) കാവ്യാത്മകം
(4) അതൊന്ന്

(g) പ്രയോഗം മാറ്റുക — 2
(1) ചെറുശ്ശേരിയിലെ ഭക്തനായ മണിപ്രവാള കവി ഇഷ്ടദേവതയെ സ്തുതിക്കുന്നു.
(2) ശ്രീനാരായണഗുരു എഴുതിയ പദ്യമാണ് 'ജാതിനിർണയം'.

(h) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക. — 2
(1) മരണത്തെക്കാൾ ദാരുണമായ ദുരനുഭവങ്ങൾ ജീവിതത്തിലുണ്ടെന്ന് അവർക്ക് ബോധ്യമാവും.
(2) ട്രെയിനിൽ കയറ്റിക്കൊടുക്കാമെന്ന് അയാൾ യാത്രക്കാരനോട് വാഗ്ദത്തം ചെയ്തിട്ടുമുണ്ട്.

(i) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 2

കാമിനീകാമുകന്മാർ സ്വസാമർത്ഥ്യവിശേഷം കൊണ്ടോ, ഭാഗ്യവിശേഷം കൊണ്ടും എല്ലാ പ്രതിബന്ധതടസ്സങ്ങളും വിജയപൂർവം തരണം ചെയ്തു വിവാഹമണ്ഡപത്തിൽ സുസ്മേരവദനരായി പ്രവേശിക്കുന്ന കഥകൾ മാത്രം വായിച്ചു പരിചയിച്ചിട്ടുള്ളവർ ഇക്കഥ വായിക്കുമ്പോൾ ഭഗ്നാശരായേക്കാം.

(j) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക 2

കൃഷ്ണലീലയുടെ വിവിധ ഭാവങ്ങൾ ചിത്രീകരിക്കുമ്പോൾ ഓരോന്നിനും ആവുന്നത്ര പരിപൂർണ്ണത കൊടുക്കാനാണദ്ദേഹം ശ്രമിച്ചത്.

**2.** (a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക: 10

(1) അന്തർദ്ദേശീയ സമാധാനത്തിന്റെ ആവശ്യകത.
(2) സ്വഭാവരൂപീകരണത്തിൽ വിദ്യാഭ്യാസത്തിനുള്ള സ്ഥാനം.
(3) വിദ്യാർത്ഥികളും രാഷ്ട്രപുരോഗതിയും.

(b) ഒരു പ്രമുഖ സ്ഥാപനത്തിൽ മാധ്യമ പ്രവർത്തകനായി/പ്രവർത്തകയായി ജോലികിട്ടിയ വിവരം അറിയിച്ചുകൊണ്ട് സുഹൃത്തിന് ഒരു കത്തെഴുതുക. 10

(c) താഴെ കൊടുത്തിട്ടുള്ള ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

അധ:സ്ഥിതരെന്ന് കരുതിപ്പോരുന്ന പ്രത്യേക ജനവിഭാഗത്തിന്റെ സാഹിത്യമാണ് ദലിത് സാഹിത്യം. സമകാല രാഷ്ട്രീയത്തിലും ദേശീയതയിലും വളരെ പ്രസക്തമായ ഒരു പദമാണിത്. അധീശവർഗ്ഗം ചവിട്ടിത്താഴ്ത്തിയ ജനവിഭാഗത്തിന്റെ മോചനം സ്വാതന്ത്ര്യസമരത്തിലെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു. ഈ കീഴാളവർഗ്ഗത്തിന് ഹരിജൻ എന്ന പേരുനൽകി ആ ജനവിഭാഗത്തെ ജാതിപ്പേരുകളിൽ നിന്ന് മോചിപ്പിച്ച് സാമൂഹികമായി ഉയർത്താൻ ഗാന്ധിജി ശ്രമിച്ചു. അനുയായികൾക്ക് ഇഷ്ടമായില്ല. 'ഹരിജനം' എന്ന പദത്തിന് എങ്ങനെയോ ദുരന്തമുണ്ടായി.. സർക്കാർ രേഖകളിൽ ഈ വിഭാഗം പട്ടികജാതി–പട്ടികവർഗ്ഗം എന്ന് അറിയപ്പെടാൻ തുടങ്ങി. അപ്പോഴും അനിഷ്ടം തലയുയർത്തി.. ഒടുവിൽ ദലിത് എന്ന പദം സാർവത്രികമായി ഉപയോഗത്തിൽ വന്നു. 1930–ലാണ് ആദ്യം ഈ പദം ഉപയോഗിച്ചു കാണുന്നത്. ദല്–ദൾ–പദത്തിൽനിന്നാണ് ദലിത് പദത്തിന്റെ ഉൽപത്തി. ഈ പദത്തിന്റെ വാച്യാർത്ഥം പിളർക്കപ്പെട്ട, ഖണ്ഡിക്കപ്പെട്ട ചവിട്ടിത്താഴ്ത്തപ്പെട്ട, നശിപ്പിക്കപ്പെട്ട എന്നെല്ലാമാണ്. ശരണമറ്റവർ, ആശ്രയമറ്റവർ എന്നീ അർത്ഥങ്ങളും ഉണ്ട്. സമൂഹത്തിന്റെ പ്രബലമായ പൊതുധാരയിൽനിന്ന് അകറ്റി നിർത്തപ്പെട്ടവർ എന്ന് സാരം. 1972–ൽ ബോംബെ കേന്ദ്രമായി ദലിത് പാന്തേഴ്സ് പ്രസ്ഥാനം രൂപം കൊണ്ടു. ദലിതരുടെ സാർവത്രികമായ സ്വാതന്ത്ര്യവും വിമോചനവുമാണ് പ്രസ്ഥാനത്തിന്റെ പ്രവർത്തനലക്ഷ്യം. ദലിത്സമൂഹത്തിന് പ്രത്യേകഭാഷയുണ്ട്, ശൈലികളും പഴഞ്ചൊല്ലുകളുമുണ്ട്. അതുപോലെതന്നെ സാഹിത്യവും. നമ്മുടെ നാടോടിസംസ്കാരവും കലാരൂപങ്ങളും ഈ പ്രത്യേകവർഗ്ഗത്തിന്റെ തനതു സമ്പത്താണ്. ദലിത് സാഹിത്യം ഒരു പ്രത്യേക സാഹിത്യപ്രസ്ഥാനമായി വളരാൻ തുടങ്ങിയിരിക്കുന്നു. മറാഠി ഭാഷയിലാണ് പ്രസ്ഥാനത്തിന്റെ ആവിർഭാവം. താനുൾപ്പെട്ട സമൂഹത്തിന്റെ പരിവർത്തനം എഴുത്തുകാരന്റെ ലക്ഷ്യമാണ്. ഇക്കാര്യത്തിൽ പ്രതിജ്ഞാബദ്ധനാണ് ദലിത് സാഹിത്യകാരൻ. മറാഠിയിൽ ഒരു ചലനാത്മകശക്തിയാണ് ദലിത് സാഹിത്യം. കേരളത്തിൽ ഈ പ്രസ്ഥാനം കടന്നുവന്നിട്ടേയുള്ളു.

(1) കീഴാളവർഗ്ഗത്തിന് ഹരിജൻ എന്ന പേരു നൽകിയപ്പോൾ ഗാന്ധിജി ലക്ഷ്യമിട്ടതെന്തായിരുന്നു? 2

(2) ദലിത് പാന്തേഴ്സ് പ്രസ്ഥാനത്തിൻെറ പ്രവർത്തനലക്ഷ്യമെന്ത് ? 2

(3) സ്വാതന്ത്ര്യസമരത്തിൻെറ പ്രഖ്യാപിതലക്ഷ്യങ്ങളിൽ ഒന്നായിരുന്നതെന്ത് ? 2

(4) ദലിത് സാഹിത്യകാരൻ ഏതു കാര്യത്തിലാണ് പ്രതിജ്ഞാബദ്ധനാകുന്നത് ? 2

(5) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക. 2

## ബി വിഭാഗം

**3.** (a) പപ്പുവിന് കോപം വരാനിടയായ സാഹചര്യമെന്തായിരുന്നു ? 4

(b) "ബഷീർ മാങ്കോസ്റ്റിൻ എന്ന വലിയ മരത്തിൻെറ ചുവട്ടിൽ ഇരിക്കുന്നതു പ്രതിരൂപാത്മകമായ പ്രക്രിയയാണെന്ന് എനിക്കു തോന്നുന്നു." – ആർക്ക് ? ഇങ്ങനെ തോന്നാൻ കാരണമെന്ത് ? 4

(c) കൃഷ്ണഗാഥയുടെ മഹത്വത്തിൻെറ കാരണങ്ങളിൽ അനുപേക്ഷണീയമായതെന്ത് ? 4

(d) "ഇക്കാര്യം ജനങ്ങളെ കൂടുതലായി ബോധ്യപ്പെടുത്തുന്നതിനുവേണ്ടി ഒരു സർവമതസമ്മേളനം വിളിച്ചുകൂട്ടണമെന്ന ആശയവും ഈ ഘട്ടത്തിലാണ് സ്വാമിയുടെ മനസ്സിൽ ഉദിക്കുന്നത്."–

(i) ഏതു കാര്യം ? 1

(ii) ഈ കാര്യത്തിൻെറ ആവശ്യകത ശ്രീനാരായണഗുരു വെളിപ്പെടുത്തുന്നത് എങ്ങനെ ? 2

(iii) ഏതു കൃതിയിൽ നിന്നെടുത്തതാണീ വാക്കുകൾ ? എഴുത്തുകാരനാര് ? 1

(e) "എൻെറ ഈ ദാനം പൊറുക്കാത്തവനാരോ അവൻ വില്ലു കുലച്ചു വരട്ടെ." – ആരുടെ വാക്കുകൾ ? എന്തായിരുന്നു ദാനം ? ദാനം ചെയ്തതാർക്ക് ? സന്ദർഭമെഴുതുക. 4

**4.** (a) "മുൾച്ചെടിച്ചാർത്തെന്നോ, മുല്ലപ്പൂക്കൾ,
മൂടി വിരിച്ച വിരികളെന്നോ,
മുറ്റും ഗണിച്ചീല മൽപ്പിതാവാ-
മുഗ്ധസങ്കൽപത്തെ വാർത്തെടുക്കേ" –
സ്വാരസ്യവും അലങ്കാരവും വ്യക്തമാക്കുക. 4

(b) "തൃപ്പേരു വിളിപ്പോമല്ലോ." – –

(i) എന്താണു തൃപ്പേര് ? 1

(ii) സന്ദർഭം വിശദമാക്കുക. 2

(iii) ഏതു കവിതയിലെ വരികളാണിത് ? കർത്താവാര് ? 1

(c) പ്രപഞ്ചം മുഴുവൻ നിറഞ്ഞു നിൽക്കുന്നതാണ് പ്രേമം എന്നു കവി സ്ഥാപിക്കുന്നതെങ്ങനെ ? 4

(d) കവി വായിച്ച ചെറുകഥയിൽ 'വായനയില്ലാതായില്ല' എന്നെഴുതിയിരിക്കുന്നു. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? 4

(e) ശ്രീരാമൻ വില്ലു കുലച്ച രംഗം കവി എങ്ങനെയാണ് വർണ്ണിക്കുന്നത് ? 4

**5.** "നിശിതമായ സാമൂഹ്യവിമർശനങ്ങളാണ് പ്രൊഫസറുടെ ലോകത്തിൽ നിറഞ്ഞു നിൽക്കുന്നത്." ഈ അഭിപ്രായം കഥകളെ ആസ്പദമാക്കി വിലയിരുത്തുക. 10

**(അല്ലെങ്കിൽ)**

"'പ്രൊഫസറുടെ ലോകം'എന്ന കഥാസമഹാരത്തിലൂടെ കെ.എൽ.മോഹനവർമ്മ നമ്മുടെ സമൂഹത്തിലെ ചില മാന്യന്മാരുടെ യഥാർത്ഥ മുഖം നമ്മെ കാണിച്ചു തരുകയാണ്" ഈ അഭിപ്രായം വിലയിരുത്തുക. ■